# കോവിഡ് കാല പ്രവർത്തനങ്ങൾ കുടുംബശ്രീ സി ഡി എസുകളിൽ

## കവിയൂർ സി ഡി എസിലെ കോവിഡ് കാല പ്രവർത്തനങ്ങളെ കുറിച്ച് ഒരു വിവരണം

## ആമുഖം

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്കിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്താണ് കവിയൂർ. 1953 ൽ രൂപീകരിച്ച ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളാണ് ഉള്ളത്. 12.67 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ 6140 വീടുകളാണ് ഉള്ളത്. 2011 ലെ സെൻസസ് പ്രകാരം 16852 ആണ് ജനസംഖ്യ. സാക്ഷരത 98.5 ശതമാനം. 70 ശതമാനം ആളുകളുടെയും ഉപജീവനമാർഗ്ഗം കൃഷിയും അനുബന്ധ തൊഴിലുകളും ആണ്.

കവിയൂർ കുടുംബശ്രീ സി ഡി എസ് ഓഫീസ് പഞ്ചായത്തിനോട് ചേർന്നുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ചെയർപേഴ്സൺ ഓമന അജയഘോഷ്, മെമ്പർ സെക്രട്ടറി റ്റൈറ്റസ്( ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി) എന്നിവരുടെ നേതൃതത്തിൽ പ്രവർത്തിച്ചുവരുന്നു. അക്കൗണ്ടന്റ് ആയി മനീജ പ്രകാശും സേവനമനുഷ്ഠിക്കുന്നു. ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി, ഉപസമിതി കൺവീനർമാർ, മറ്റ് സി ഡി എസ് മെമ്പേഴ്സ്, എക്സ് ഒഫീഷ്യ മെംബേർസ് എന്നിവരടങ്ങിയ 22 ഭരണസമിതി മാസത്തിൽ 2 തവണ കൂടുകയും. അനുയോജ്യമായ തീരുമാനങ്ങൾ എടുക്കുകയും അവ കൃത്യമായി നടപ്പാക്കുകയും വിലയിരുത്തകയും ചെയ്യുന്നു .

| പ്രധാന വിവരങ്ങൾ | എണ്ണം | അംഗങ്ങൾ/ ഗുണഭോക്താക്കൾ |
|---|---|---|
| ആകെ അയൽക്കൂട്ടം | 144 | 2110 |
| ജനറൽ അയൽക്കൂട്ടം | 112 | 1667 |
| വയോജന വയോജന അയൽക്കൂട്ടം | 26 | 350 |
| S C അയൽക്കൂട്ടം | 6 | 93 |

| | | |
|---|---|---|
| ബാലസഭകൾ | 20 | 302 |
| സ്നേഹിതാ കാളിങ് ബെൽ | - | 26 |
| അഗതി രഹിത കേരളം പദ്ധതി | - | 223 |
| സംരംഭങ്ങൾ | 26 | 198 |
| JLG | 67 | 335 |

ലോകം മുഴുവൻ അവിശ്വസനീയമായ തരത്തിലുള്ള പ്രതിസന്ധി ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ സമയത്ത് കോവിഡ്-19 പ്രതിരോധവും അതിജീവനവുമായി കവിയൂർ സി ഡി എസ്സും, സി ഡി എസ് ന്റെ പ്രവർത്തന പരിധിക്ക് അകത്തും പുറത്തുമായി പഞ്ചായത്തിനോട് സഹകരിച്ചും മറ്റു വകുപ്പുകളുമായി ചേർന്നും സ്വയമേവ യും നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## കോവിഡ് കാല പ്രവർത്തനങ്ങൾ

### 1. വാട്സ്ആപ്പ് ഗ്രൂപ്പുകൾ, മറ്റു സമൂഹ മാധ്യമങ്ങൾ

Lockdown കാലത്ത് ആശയ വിനിമയം സാധ്യമാവുകയില്ല എന്ന അവസ്ഥ വന്നപ്പോൾ സി ഡി എസിന്റെ ആദ്യത്തെ രണ്ട് ദിവസം കൊണ്ട് ചെയ്ത പ്രവർത്തനം നിലവിലുള്ള വാട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് പുതിയതായി അയൽക്കൂട്ട അംഗങ്ങളെ ചേർക്കുകയും, കഴിയുന്നത്ര അയൽക്കൂട്ടങ്ങൾക്ക് അവരുടേതായ ഗ്രൂപ്പ് രൂപീകരിക്കാൻ നിർദേശം കൊടുക്കുകയും ആയിരുന്നു. ആ നല്ല തുടക്കമാണ് പിന്നീടുള്ള എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ചതും സജീവമായി നിലനിർത്തിയതും. ഇത് ആശയവിനിമയം വളരെ വേഗത്തിലും കൃത്യമായും എത്തിക്കുന്നതിന് സഹായിക്കുന്നു. സംസ്ഥാന മിഷൻ ഈ കാലത്ത് നൽകിയ എല്ലാ വിവരങ്ങളും ഇതുവഴി താഴെ തലങ്ങളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്.

ഇതിനനുസരിച്ച് കവിയൂർ സി ഡി എസ്സിൽ താഴെ പറയുന്ന വിധം വാട്സാപ്പ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു.

| **Level** | **No of Whats App groups** | **Total members** | **Members** |
|---|---|---|---|
| CDS | 1 | 23 | CP,MS,CDS members, Ex-Officio members |
| ADS | 14 | 8960 | Ward members,ADS members,CDS member, NHG secretary , President & volunteers |

| | | | |
|---|---|---|---|
| NHG | 88 | 952 | All NHG members / one family member |
| Grama Panchayat | 1 | 256 | MLA, GP president, ward members,GP secretary , other office staffs, Krishi bhavan staffs, PHC staffs, Asha workers, ICDC staffs, Block Panchayat member, Police department representatives, CDS CP, CDS members, NREGS, |

## 2. ജനകീയ ഹോട്ടൽ

നാല് പേരടങ്ങുന്ന ഗ്രൂപ്പ് നടത്തുന്ന ജനകീയ ഹോട്ടൽ, കവിയൂർ മനയ്ക്കച്ചിറയിൽ മാർച്ച് 26ന് പ്രവർത്തനമാരംഭിച്ചു. മാർച്ച് 26 മുതൽ മെയ് 22 വരെ 720 പേർക്ക് പ്രഭാതഭക്ഷണം, ഞാൻ 4286 പൊതിച്ചോറ് 25 രൂപയ്ക്ക്, 230 പൊതിച്ചോറ് സൗജന്യമായും, 140 പേർക്ക് രാത്രി ഭക്ഷണവും വിതരണം ചെയ്തിട്ടുണ്ട്. സന്നദ്ധ സേന വോളണ്ടിയർമാരും കുടുംബശ്രീ പ്രവർത്തകരും ചേർന്ന് ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികൾക്ക്, സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കൾക്ക്, ആശ്രയ ഗുണഭോക്താക്കൾക്ക് മുൻകൂട്ടി ആവശ്യപ്പെടുന്ന മറ്റ് വ്യക്തികൾക്ക് എന്നിങ്ങനെ ഭക്ഷണം വിതരണം ചെയ്യുന്നു.

## 3. കമ്മ്യൂണിറ്റി കിച്ചൻ

ജനകീയ ഹോട്ടൽ കൂടാതെ 16/04/ 2020 മുതൽ പഞ്ചായത്ത് പ്രത്യേകമായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ 03/05/2020 വരെ പ്രവർത്തിച്ചു. 1800 പേർക്ക് സൗജന്യമായി ഭക്ഷണം നൽകി.

## 4. മുഖ്യമന്ത്രിയുടെ സഹായഹസ്ത വായ്പാ പദ്ധതി വിതരണം

മുഖ്യമന്ത്രിയുടെ സഹായഹസ്ത വായ്പ വിതരണം തിരുവല്ല നിയോജകമണ്ഡലതലം ഉദ്ഘാടനം നടന്നത് കവിയൂർ പഞ്ചായത്തിലാണ്. 2020, മെയ് 4 നു രാവിലെ 11 മണിക്ക് ബഹു:MLA ശ്രീ. മാത്യു T തോമസ്, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കവിയൂർ ബ്രാഞ്ച് അനുവദിച്ച 135000/- രൂപയുടെ ചെക്ക് സി ഡ് എസിലെ ഉദയം അയൽക്കൂട്ടത്തിനു നൽകി ഈ പദ്ധതിക്ക് തുടക്കം കുറിച്ചു. ആകെ 105 അയൽക്കൂട്ടങ്ങൾ ക്കായി 1312 അംഗങ്ങൾക്ക് ഒരു കോടി 60 ലക്ഷം രൂപ ലോൺഅപേക്ഷ ബാങ്കിൽ നൽകിയിട്ടുണ്ട്. ഇതിൽ 96 അപേക്ഷകൾ(CBI, കവിയൂർ) അംഗീകരിച്ച് വിതരണം ചെയ്തു. SCB, കവിയൂർ 9 അപേക്ഷകൾ പ്രോസസിംഗിൽ ആണ്.





# കോവിഡിന്റെ ഇരുണ്ട കാലത്തെ മറികടക്കാൻ സഹായഹസ്തം വായ്പ വിതരണോദ്ഘാടനം

പത്തനംതിട്ട:ആറന്മുള നിയോജക മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിയുടെ വിതരണോദ്ഘാടനം വീണാ ജോർജ് എം.എൽ.എ നിർവഹിച്ചു.

കോഴഞ്ചേരി ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ കോഴഞ്ചേരി സി.ഡി.എസ് കൃപ അയൽക്കൂട്ടത്തിന് വായ്പാ സഹായം നൽകിയാണ് ഉദ്ഘാടനം നിർവഹിച്ചത്.

മണ്ഡലത്തിൽ 19.25 കോടി രൂപയാണ മുഖ്യമന്ത്രിയുടെ സഹായഹസ്തമായി അനുവദിച്ചിരിക്കുന്നത്. കോഴഞ്ചേരി, മല്ലപ്പുഴശേരി, ഇരവിപേരൂർ ഗ്രാമപഞ്ചായത്തുകളിൽ 1.10 കോടി രൂപ വീതവും നാരാങ്ങാനം, ഇലന്തൂർ, ചെന്നീർക്കര, ഓമല്ലൂർ, തോട്ടപ്പുഴശേരി, മെഴുവേലി, കോയിപ്രം ഗ്രാമപഞ്ചായത്തുകളിൽ 1.50 കോടി രൂപ വീതവും

പത്തനംതിട്ട നഗരസഭയ്ക്കും ആറന്മുള ഗ്രാമപഞ്ചായത്തിനും 1.90 കോടി രൂപ വീതവും കുളനട ഗ്രാമപഞ്ചായത്തിന് 1.65 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ശ്യാം മോഹൻ, പഞ്ചായത്ത് സെക്രട്ടറി ഷാജി എ.തമ്പി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ക്രിസ്റ്റഫർ ദാസ്,

വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലത ചെറിയാൻ, ബ്ലോക്ക് പഞ്ചായത്താംഗം ബിജിലി പി ഈശോ, വാർഡ് മെമ്പർ അഡ്വ.ശ്രീരാജ്, കുടുംബശ്രീ ജില്ലാ മിഷൻ കോ ഓർഡിനേറ്റർ കെ.വിധു, എ.ഡി.എം.സി മണികണ്ഠൻ, സെൻട്രൽ ബാങ്ക് മാനേജർ, സി.ഡി.എസ് ചെയർ പേഴ്സൺ, അക്കൗണ്ടന്റ് എന്നിവർ പങ്കെടുത്തു.

ആറന്മുള നിയോജക മണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ വിതരണോദ്ഘാടനം വീണാ ജോർജ് എം.എൽ.എ കൃപാ അയൽക്കൂട്ടത്തിന് നൽകി നിർവഹിക്കുന്നു.

തിരുവല്ല നിയോജകമണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ വിതരണോദ്ഘാടനം മാത്യു ടി തോമസ് എം.എൽ.എ നിർവഹിച്ചു. കവിയൂർ ഗ്രാമപഞ്ചായത്തിൽ നടന്ന ചടങ്ങിൽ ഉദയം കുടുംബശ്രീക്ക് ചെക്ക് കൈമാറിയാണ് ഉദ്ഘാടനം നിർവഹിച്ചത്.

തിരുവല്ല നിയോജക മണ്ഡലത്തിൽ 18.19 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ സഹായഹസ്തമായി അനുവദിച്ചിരിക്കുന്നത്. നിരണം, നെടുമ്പ്രം, കവിയൂർ, കുന്നന്താനം, തിരുവല്ല പടിഞ്ഞാറ് പ്രദേശം എന്നിവിടങ്ങളിൽ 1.50 കോടി രൂപയും കടപ്ര, കുറ്റൂർ ഗ്രാമപഞ്ചായത്തുകൾക്ക് 1.90 കോടി രൂപയും വായ്പയായി അനുവദിച്ചു.

പെരിങ്ങര ഗ്രാമപഞ്ചായത്തിന് 1.59 കോടി രൂപയും തിരുവല്ല കിഴക്ക് പ്രദേശത്തിന് 1.65 കോടി രൂപയും അനുവദിച്ചു. ആനിക്കാട്, കല്ലൂപ്പാറ, പുറമറ്റം ഗ്രാമപഞ്ചായത്തുകൾക്ക് 85 ലക്ഷം രൂപ വീതം മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിന് 1.10 കോടി രൂപയും വായ്പ അനുവദിച്ചു.

കവിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എലിസബത്ത് മാത്യു, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗം ശകുന്തള, വാർഡ് മെമ്പർ ബൈജു കുട്ടൻ, കുടുംബശ്രീ ജില്ലാ മിഷൻ കോഓർഡിനേറ്റർ കെ.വിധു, എ.ഡി.എം.സി മണികണ്ഠൻ,

ബ്ലോക്ക് കോർഡിനേറ്റർ രേഷ്മ, സി.ഡി.എസ് ചെയർപേഴ്സൺ ഓമന അജയഘോഷ് , വൈസ് ചെയർ പേഴ്സൺ അനിത സജി, അകൗണ്ടന്റ് മനീജ പ്രകാശ് എന്നിവർ പങ്കെടുത്തു.

തിരുവല്ല നിയോജകമണ്ഡലത്തിലെ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ വിതരണോദ്ഘാടനം മാത്യു ടി തോമസ് എം.എൽ.എ ഉദയം കുടുംബശ്രീക്ക് ചെക്ക് കൈമാറി നിർവഹിക്കുന്നു.

**5. MKSP**

പ്രവർത്തനങ്ങളുടെ ഭാഗമായി "എന്റെ കൃഷി, എന്റെ ആരോഗ്യം, ഒപ്പം നിങ്ങളുടെയും" എന്ന വാക്യത്തോടെ ജില്ലയിലെ മുഴുവൻ കുടുബശ്രീ അംഗങ്ങളുടെ യും കൃഷിയിലേക്ക് കൊണ്ടുവരുന്നതിനായി നടത്തുന്ന ക്യാമ്പയിനിൽ സി ഡ് എസിലെ എല്ലാ അയൽക്കൂട്ടങ്ങളും സജീവമായി പങ്കെടുത്തു.

# പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി

**1. വയോജനങ്ങൾക്കായി..**

വയോജന അയൽക്കൂട്ടത്തിന്റെ അംഗം ആയിട്ടുള്ളതും അല്ലാത്തതുമായിട്ടുള്ള എല്ലാ വ്യക്തികളുടെയും വീടുകളിൽ മുന്നറിയിപ്പുകളും ലഘുലേഖകളും നൽകികളും ലഘുലേഖകളും നൽകി. കൂടാതെ ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ആവശ്യമായ എല്ലാവർക്കും മരുന്നുകളും ആഹാരവും എത്തിക്കുകയും ചെയ്തിട്ടുണ്ട്. 60 വയസ്സ് കഴിഞ്ഞ, ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികളെ ദിവസേന വിളിച്ചു ക്ഷേമ വിവരങ്ങളും അവരുടെ സാഹചര്യങ്ങളും ആവശ്യങ്ങളും ചോദിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നുണ്ട്. അത്തരത്തിൽ 54 പേർക്ക് മരുന്നും എല്ലാവർക്കും ആഹാരവും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

**2. ബാലസഭ കുട്ടികൾക്കായി..**

"കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലെ കേരളം"- എന്ന വിഷയത്തിൽ ജൂനിയർ സീനിയർ വിഭാഗങ്ങളിൽ എട്ടു കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ കലാപരമായ കഴിവുകൾ ചിത്രീകരിക്കുകയും അത് സമൂഹമാധ്യമങ്ങളിൽ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. കുട്ടികൾക്കായി വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴി പ്രത്യേക ബോധവൽക്കരണവും നടത്തുന്നുണ്ട്.




**3. സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കൾക്കായി..**

സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കളായി 16 പേർ ഉണ്ട്. ഇവർക്ക് മരുന്നും ആഹാരവും ഒപ്പം മാനസിക പിന്തുണയും കമ്മ്യൂണിറ്റി കൗൺസിലറുടെ നേതൃത്വത്തിൽ നൽകിവരുന്നു. ആശാ പ്രവർത്തകരുടെ സേവനവും നിർദ്ദേശങ്ങളും കൃത്യസമയങ്ങളിൽ എത്തിക്കുന്നുണ്ട്.

**4. ആശ്രയ ഗുണഭോക്താക്കൾക്കായി**

223 കുടുംബങ്ങളാണ് അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവർക്ക് പ്രത്യേകം തിരഞ്ഞെടുത്ത ആർ പി വഴി

വിവരങ്ങൾ അന്വേഷിക്കുകയും ആവശ്യമായ ആഹാരം, മരുന്ന്, ഭക്ഷണ കിറ്റ്, മാനസിക പിന്തുണ എന്നിവ നൽകുന്നു.

## ക്രിയാത്മക പ്രവർത്തനങ്ങൾ

- കവിയൂർ ഹൈസ്കൂൾ അധ്യാപകരുടെ ആവശ്യപ്രകാരം കുടുംബശ്രീ തയ്യൽ യൂണിറ്റുകൾ കുട്ടികളുടെ വീടുകളിലേക്ക് ആവശ്യമായ മാസ്കുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.
- ലോക ഡൗൺ കാലത്ത് അവരവരുടെ കഴിവുകൾ പരമാവധി ഉപയോഗിച്ച് പലതരത്തിലുള്ള കരകൗശല വസ്തുക്കൾ, അലങ്കാര വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ തയ്യാറാക്കുന്ന വർക്ക് സി ഡി എസും പഞ്ചായത്തും അഭിനന്ദനങ്ങൾ അറിയിക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നുണ്ട്. സമൂഹ മാധ്യമങ്ങൾ വഴി ഇവരുടെ പ്രവർത്തനം മറ്റുള്ളവരിലേക്ക് എത്തിക്കുകയും അതുവഴി പ്രായഭേദമന്യേ എല്ലാവർക്കും ഈ സമയം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള സന്ദേശം നൽകുകയും ചെയ്യുന്നുണ്ട്.



## വിവിധ വകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനം

- **ആരോഗ്യവകുപ്പ്**

കവിയൂർ പി എച്ച് സി യുമായി ചേർന്ന് കുടുംബശ്രീ പ്രവർത്തകർ, ആശാ പ്രവർത്തകർ, ICDS ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് കോവിഡ്- 19 ബോധവൽക്കരണവും ഒപ്പം മഴക്കാല രോഗപ്രതിരോധ വുമായി ബന്ധപ്പെട്ട ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ആവശ്യകതയും എല്ലാ വീടുകളിലും എത്തി വിശദീകരിച്ചു. quarantineൽ കഴിയുന്ന വ്യക്തികൾ, ആശ്രയ, സ്നേഹിത കോളിംഗ് ബെൽ ഗുണഭോക്താക്കൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക്

ആവശ്യമായ വൈദ്യസഹായവും നിർദ്ദേശങ്ങളും കൃത്യമായി നൽകിവരുന്നു.

- **<u>പൊതുവിതരണ വകുപ്പ്</u>**

പൊതു വിതരണം വകുപ്പ് ഏർപ്പെടുത്തിയ ആഹാര സാധനങ്ങളുടെ കിറ്റും, ഓരോ കാർഡിനും അനുവദിച്ച റേഷനും എല്ലാ കാർഡ് ഉടമകൾക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരങ്ങൾ എല്ലാ കുടുംബങ്ങളിലും കൃത്യമായി എത്തിക്കുന്നതിന് സാധ്യമായത് കുടുംബശ്രീ വാട്ട്സ്ആപ്പ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൊണ്ടുകൂടിയാണ്.

- **<u>കൃഷി വകുപ്പ്</u>**

കൃഷിഭവനിൽ നിന്ന് നൽകിയ വിത്തുകൾ പത്തനംതിട്ട ജില്ലാ മിഷൻ നടത്തിയ കാർഷിക ക്യാമ്പയിനും മത്സരത്തോടൊപ്പം തന്നെ കുടുംബശ്രീ അംഗങ്ങൾ കൃഷി ചെയ്തു. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നുണ്ട്. കൂടാതെ തരിശുനിലങ്ങൾ വൃത്തിയാക്കി കരനെല്ല് പച്ചക്കറി അടക്കം കൃഷി ചെയ്യുന്നതിനായി കൃഷി വകുപ്പ്, NREGS, ഗ്രാമപഞ്ചായത്ത്, കുടുംബശ്രീ എന്നിങ്ങനെ വിവിധ വകുപ്പുകൾ സംയുക്തമായി പ്രവർത്തിക്കുന്നു.NREGS തൊഴിലാളികളാണ് നിലം ഒരുക്കുന്നത്. കുടുംബശ്രീJLG കളാണ് കൃഷി ചെയ്യുന്നത്.

- **<u>തപാൽ വകുപ്പ്</u>**

എല്ലാ പെൻഷൻ ഗുണഭോക്താക്കൾക്കും പെൻഷൻ വീട്ടിൽ എത്തിക്കുകയും കൂടാതെ ക്വാറന്റൈനിൽ കഴിയുന്ന വ്യക്തികൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും തപാൽ വകുപ്പ് വഴി തുക വീട്ടിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 6 കുടുംബങ്ങൾക്ക് 48000/- രൂപ ഇത്തരത്തിൽ ബയോമെട്രിക് മെഷീൻ വഴി തമ്പ് ഇംപ്രഷൻ രേഖപ്പെടുത്തി ആധാർ നമ്പർ ലിങ്ക് ചെയ്ത അക്കൗണ്ടിൽനിന്നും തുക നൽകിയിട്ടുണ്ട്. ഇത്തരം അറിയിപ്പുകളും ആവശ്യങ്ങളും എല്ലാം കുടുംബശ്രീ നടത്തുന്ന അന്വേഷണങ്ങൾ വഴിയാണ് ഗുണഭോക്താക്കൾ അറിയുന്നതും സേവനം ലഭ്യമാക്കുന്നതും.

## <u>ഭാവി പ്രവർത്തനങ്ങൾ</u>

ലോക ഡൗൺ കഴിയുന്നതുവരെ മീറ്റിങ്ങുകൾ കഴിയുന്നതും ഒഴിവാക്കുകയും ആവശ്യമെങ്കിൽ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് കൂടുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കോവിഡ് - 19 കോൾ സെൻസറുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എല്ലാ വകുപ്പുകളും സഹകരിച്ച് പ്രവർത്തിക്കുകയും ആളുകൾക്ക് മെച്ചപ്പെട്ട സേവനം നൽകുകയും ചെയ്യും.

# പ്രത്യേക ഇടപെടലുകൾ

ജോലി നഷ്ടപ്പെട്ട വിദേശത്തുനിന്ന് വന്നവർക്ക് കഴിയുന്നത്ര വേഗത്തിൽ പുതിയ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് കുടുംബശ്രീ വഴി സാധ്യമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുക എന്നതാണ് പ്രധാനമായും ചെയ്യാൻ ശ്രമിക്കുന്നത്.

തയ്യാറാക്കിയത്

| | |
|---|---|
| NRLM BC - MIS | CHAIRPERSON |
| MALLAPPALLY BLOCK | KAVIYOOR C D S |
| RESHMA K M | OMANA AJAYAGHOSH |
| MOB.NO. 9544284924 | MOB. NO. 9605507212 |